# ഏലിയാമ്മയ്ക്ക് മാതാ ഹണി നൽകിയതു പുതുജീവൻ



ശേഷം പേജ് 10 ൽ

കാർഷിക വിളകളുടെ വിലയിടിവിൽ പിടിച്ചുനിൽക്കാൻ കഴിയാതെ നട്ടം തിരിഞ്ഞ ഏലിയാമ്മ സിബിക്കും കുടുംബത്തിനും പുതുജീവനേകിയതു തേനും തേനീച്ചകളും. 30 വർഷങ്ങൾക്കു മുമ്പ് തൊടുപുഴയിൽ നിന്ന് കുടിയേറി കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ താമസമാക്കിയതാണു കുടുംബം. കേന്ദ്രസർക്കാരിന്റെ സംരംഭകരാകാം എന്ന തൊഴിൽ ദാന പദ്ധതിയനുസരിച്ച് ബാങ്കിൽ നിന്ന് വായ്പയെടുത്ത 65,000 രൂപ ഉപയോഗിച്ച് 50 തേനീച്ചപ്പെട്ടി വാങ്ങിയാണു തേനീച്ച വളർത്തൽ തുടങ്ങിയത്. അതിനുശേഷം വെള്ളായണി തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിലെ എന്റമോളജി പ്രഫസറായ ഡോ. സ്റ്റീഫൻ ദേവനേശന്റെ നേതൃത്വത്തിൽ കാർഷിക കോളജിൽ നടന്ന ഒരാഴ്ചത്തെ പരിശീലനത്തിലൂടെ ശാസ്ത്രീയ തേനീച്ച കൃഷി മാർഗങ്ങൾ മനസിലാക്കി.

അമ്പതു തേനീച്ചക്കൂടുമായി തുടങ്ങിയ സംരംഭം ഇന്ന് 5200 കൂടുകളായി വളർന്നിരിക്കുന്നു. കേരളത്തിലെ തേൻകാലം കഴിയുമ്പോൾ കൂടുകൾ കർണാടകയിലേക്ക് മാറ്റി സ്ഥാപിച്ചു തേൻ സംഭരിക്കുന്നത് ഏലിയാമ്മയുടെ രീതിയാണ്. കുടകിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് തേൻ ശേഖരിച്ച് കൂർഗ് ഹണി എന്ന പേരിലും കർണാടകത്തിലെ സുള്ള്യ, ബൽത്തങ്ങാടി, കക്കിഞ്ച എന്നിവിടങ്ങളിലെ വനം പ്രദേശങ്ങളിൽ നിന്ന് സംഭരിക്കുന്ന തേൻ കാട്ടുതേൻ എന്ന പേരിലുമാണ് വിപണനം ചെയ്യുന്നത്.

---

ഉണ്ടാക്കി സംസ്ഥാനത്തു നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. ബിഐഎസ് മാനദണ്ഡമുള്ള തേനീച്ചക്കൂടുകൾ മാത്രമേ കർഷകരും വ്യവസായിക അടിസ്ഥാനത്തിൽ തേനീച്ചവളർത്തൽ നടത്തുന്നവരും ഉപയോഗിക്കാവൂ. ഇത്തരം കൂടുകൾ സംസ്ഥാന തേൻ മിഷനിൽ നിന്നും കെവികെ, കൃഷി ഡയറക്ടറേറ്റ്, ഹോർട്ടികോർപ്, ഫിയ വഴി കർഷകർക്ക് സബ്സിഡി നിരക്കിൽ കൊടുക്കേണ്ടതാണ്. ബീ ഫാമുകളെ വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിരക്ഷ ഉറപ്പു വരുത്തേണ്ടതുണ്ട്.

**3. 'സ്റ്റേറ്റ് ഹണി മിഷൻ'**

പ്രധാനമന്ത്രിയുടെ തേൻ മിഷൻ പദ്ധതിയിലൂടെ കേരളത്തിലെ തേനീച്ച കർഷകരെ ഉൾകൊള്ളാനും അവരുടെ ആദായം വർധിപ്പിക്കാനും തേനീച്ച കോളനികളുടെ ശാസ്ത്രീയ പരിപാലനം ഉറപ്പു വരുത്താനും സാധിക്കും. ഇതിനായി കാർഷിക ഉത്പാദന കമ്മീഷണറും കൃഷി വകുപ്പും കൂടി കേന്ദ്ര സർക്കാരിൽ പിഎം തേൻ മിഷൻ ഫണ്ട് ലഭ്യമാകാൻ പ്രയത്നിക്കണം. കേരളത്തിലെ 'സ്റ്റേറ്റ് ഹണി മിഷൻ' ഊർജിതപ്പെടുത്തി ശാസ്ത്ര സാങ്കേതിക അറിവുകൾ ഉൾകൊള്ളിച്ച് കാർഷിക വിളകളുടെ ഉത്പാദനവർധനവിനു ഉപയോഗിക്കാം. നബാർഡ്, ലീഡ് ബാങ്കുകൾ, മറ്റു സാമ്പത്തിക ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെ യോജിപ്പിച്ചു സ്റ്റേറ്റ് ഹണി മിഷൻ കർഷകർക്ക് സഹായം ലഭ്യമാക്കണം.ആവശ്യം അനുസരിച്ചു തേനീച്ചപ്പെട്ടി കളും,ഉപകരണങ്ങളും സർ

### 100 ഗ്രാമിന് 300 കലോറി ഊർജം

- തേൻ ഉത്തമ ആഹാരമാണ്. ശരീരത്തിന്റെ വളർച്ചയ്ക്കും വികാസത്തിനുമുള്ള പ്രകൃതിദത്തവും മായമില്ലാത്തതുമായ ഔഷധമാണ് ശുദ്ധമായ തേൻ. 100 ഗ്രാം തേൻകഴിച്ചാൽ 300 കലോറി ഊർജം കിട്ടും.
- തേൻ നേരിട്ട് ചൂടാക്കുകയോ ചൂടുള്ള വസ്തുക്കളുമായി കൂട്ടിക്കലർത്തുകയോ ചെയ്യരുത്.
- ഫ്രിഡ്ജിൽ സൂക്ഷിക്കരുത്.
- നെയ്യും തേനും തുല്യ അളവിൽ ചേർക്കരുത്.
- തേനിന്റെ ശുദ്ധി പരിശോധിക്കാൻ എൻഎംആർ പരിശോധനയാണ് മികച്ചത്.





*തേൻ സംസ്കരണ ശാലയിൽ ഏലിയാമ്മ സിബി*

ക്കാർ അംഗീകരിച്ച സ്ഥാപനങ്ങളിലൂടെ കർഷകർക്ക് ലഭ്യമാക്കുകയും വേണം.

**4. വിത്തുത്പാദനം**

വിവിധയിനം തേനീച്ചകളെ പരപരാഗണത്തിന് ഉപയോഗിച്ച് ഗുണനിലവാരമുള്ള വിത്തുകൾ ഉത്പാദിപ്പിക്കാൻ കേരളകാർഷിക വിഭാഗത്തിന്റെ വിത്ത് ഉത്പാദന പദ്ധതിയിലൂടെ കഴിയും. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന വിത്തുകൾ ഉപയോഗിക്കുന്നതുവഴി കൂടുതൽ മേന്മയുള്ള വിളകളുണ്ടാകുകയും അധിക ലാഭം കർഷകർക്കു കിട്ടുകയും ചെയ്യും. പരപരാഗണം വഴിയുണ്ടാകുന്ന കായകളും വിത്തുകളും നല്ല ഗുണമുള്ളവയാണ്. സർക്കാർ വിത്തു ഫാമുകളിൽ തേനീച്ചകളെ ഉപയോഗിച്ച് വിത്ത് ഉത്പാദനം നടത്താൻ പോളിസി തന്നെ ഉണ്ടാകേണ്ടതാണ്. സഹകരണാടിസ്ഥാനത്തിലോ കരാർ വഴിയോ ഇത് യാഥാർഥ്യമാക്കാം.

**5. ഗുണനിലവാരത്തിനു ഹാൾമാർക്ക്**

ഫിയയെ പോലുള്ള എൻജിഒകളെ ടെസ്റ്റിംഗ് ലാബുകളിൽ ഗുണമേന്മ സർട്ടിഫിക്കേഷന് (ഹാൾമാർക്ക്) ചുമതലപ്പെടുത്തിയാൽ തേൻ കയറ്റുമതിക്ക് പ്രചോദനമാകും. ഹാൾമാർക്കുള്ള തേൻ ആഭ്യന്തര വിപണിയിൽ എത്തിയാൽ അതു സാധാരണ ഉപഭോക്താക്കളുടെ വിശ്വാസം കൂട്ടുകയും ചെയ്യും.




K2403-527086

# അല്പം തേൻ വിശേഷങ്ങൾ



- സ്പെയിനിലെ റോക്ക് പെയിന്റിംഗ് രേഖ അനുസരിച്ച് 8000 വർഷങ്ങൾക്കു മുമ്പാണു തേനിന്റെ ഉപയോഗം മനുഷ്യൻ മനസിലാക്കിയതെന്ന് കാണാം
- ആഫ്രിക്കയിൽ വറുതി മൂലം ഭക്ഷ്യധാന്യങ്ങൾ കിട്ടാതായ കാലത്ത് കാട്ടിൽ നിന്നു തേൻ ശേഖരിച്ചാണു മനുഷ്യർ ജീവൻ നിലനിർത്തിയത്.
- ചക്രവർത്തിമാർ മരിക്കുമ്പോൾ സ്വർണം കൊണ്ട് ശവപ്പെട്ടിയുണ്ടാക്കി അതിനുള്ളിൽ തേൻ കവചം തീർത്താണ് മൃതദേഹം അടക്കിയിരുന്നത്.
- വിവാഹത്തിനുശേഷം നവദമ്പതികൾ തേൻ കഴിക്കുന്നതു പണ്ടു ശീലമായിരുന്നു. ആരോഗ്യമുള്ള കുഞ്ഞുങ്ങൾ ജനിക്കാനാണു തേൻ കഴിച്ചിരുന്നത്. ഹണിമൂൺ എന്ന പദം ഉണ്ടായത് അങ്ങനെയാണെന്ന് കരുതപ്പെടുന്നു.
- ഒരു വേലക്കാരി തേനീച്ചയുടെ ആയുസ് 60 ദിവസത്തിൽ താഴെ മാത്രം. ഇതിനിടയിൽ ആയിരത്തോളം പൂക്കളിൽ സ്പർശിച്ച് ഒരു ടീസ്പൂണിൽ താഴെ മാത്രം തേൻ ശേഖരിക്കുകയും ചെയ്യും.

പേജ് 09 തുടർച്ച



2003-ൽ മാതാ ഹണി ആൻഡ് ബീ ഫാം എന്ന പേരിൽ ആരംഭിച്ച സ്ഥാപനത്തിൽ നിന്നു മാതാ ഹണി എന്ന ബ്രാൻഡിൽ തേൻ വിപണിയിൽ എത്തിക്കാനും തുടങ്ങി. 2008-ൽ ഹോർട്ടി കോർപ്പിന്റെ അംഗീകൃത ബീ ബ്രീഡറായി ഏലിയാമ്മ തെരഞ്ഞെടുക്കപ്പെട്ടു. ഇതേത്തുടർന്നു കൃഷിഭവൻ മുഖാന്തരം കർഷകർക്ക് തേനീച്ച കൃഷി പരിശീലനം നൽകുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 40 ശതമാനം സബ്സിഡി നിരക്കിൽ ഹോർട്ടികോർപ് തേനീച്ചകോളനികളും അനുബന്ധ ഉപകരണങ്ങളും നൽകുകയും ചെയ്യുന്നു. ഖാദി ബോർഡ് വഴിയും ത്രിതല പഞ്ചായത്തിന്റെ ജനകീയാസൂത്രണം വഴി കൃഷിഭവൻ വഴിയും കർഷകർക്കു പരിശിലനം നൽകി തേനീച്ച കോളനികൾ വിതരണം ചെയ്യുന്നുണ്ട്. ആത്മവഴി കൃഷിഭവൻ മുഖേന തേനിന്റെ മൂല്യവർധനവിനെകുറിച്ചുള്ള പരിശീലനവും നൽകുന്നു.

വർഷം 80 ടൺ തേൻ ഉത്പാദിപ്പിക്കുന്ന മാതാ ഹണി ആൻഡ് ബീഫാം 30 തരം മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നുണ്ട്. ബാക്കി വരുന്ന തേൻ മൊത്തമായും ചില്ലറയായും വിൽക്കുന്നു. തേനീച്ച കോളനികൾ പിരിച്ചു നൽകിയും നല്ല വരുമാനം ഉണ്ടാക്കുന്നുണ്ട്. തേനിന്റെ ജലാംശം 20 ശതമാനം നിജപ്പെടുത്തണമെന്ന FSSI യുടെ നിർദേശമനുസരിച്ച് 2023 ൽ മാതാഹണി ആൻഡ് ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനം തുടങ്ങുകയും ഹണി പ്രൊസസിംഗ് മിഷൻ സ്ഥാപിക്കുകയും ചെയ്തു. സീസണിൽ 50 തൊഴിലാളികൾക്കും അല്ലാത്ത സമയങ്ങളിൽ 10 പേർക്കും സ്ഥിരമായും തൊഴിൽ നൽകുന്നുണ്ട്.

തേനീച്ച വളർത്തലിലെ നേട്ടങ്ങളുടെ പേരിൽ ദേശീയ, സംസ്ഥാന തലങ്ങളിൽ നിരവധി അവാർഡുകളും ഏലിയാമ്മയെ തേടിയെത്തിയിട്ടുണ്ട്. 2014-ൽ ഫിയയുടെ മികച്ച തേനീച്ച കർഷക അവാർഡ്, 2021 ലെ മികച്ച തേനീച്ച കർഷകനുള്ള സംസ്ഥാന കർഷക അവാർഡ്, 2022-ലെ കിസാൻ ദിവസ് അവാർഡ്, കാസർഗോഡ് ജില്ലയിലെ ഏറ്റവും നല്ല ചെറുകിട വ്യവസായിക്കുള്ള അവാർഡ് എന്നിവ അവയിൽ ചിലതുമാത്രം. സിബി-ഏലിയാമ്മ ദമ്പതികൾക്ക് രണ്ടു മക്കൾ. ഇരുവരും വിദേശത്താണ്. അവധിക്ക് നാട്ടിൽ എത്തുമ്പോൾ ഇരുവരും മാതാപിതാക്കളെ സഹായിക്കാൻ ഒപ്പമുണ്ടാകും.

*ഫോൺ: 9446697129*